എൻ. ഈ. എസ്സ്. ബ്ലാക്കു് പ്രവർത്തനം ആരംഭിക്കൽ.

214. [62] ശ്രീ. പ. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിസ്ട്രിക്ടു് ഡവലപ്പുമെൻറു് കമ്മിറ്റിയുടേയും കേന്ദ്രഡവലപ്പുമെൻറു് കമ്മിറ്റിയുടേയും ശുപാർശകൾക്കു് വിപരീതമായി ഏതെങ്കിലും എൻ. ഈ. എസ്സ്. ബ്ലാക്കു്; തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു ബ്ലാക്കു്; അതിനു കാരണമെന്തു്;

(ബി) ഓന്നാം എൻ. ഈ. എസ്സ്. ബ്ലാക്കു് തുടങ്ങിയതു് പ്രസ്തുത കമ്മറിട്ടികളുടെ ശുപാർശയനുസരിച്ചാണോ, അല്ലെങ്കിൽ കാരണമെന്തു്;

(സി) മല്ലപ്പള്ളി ബ്ലാക്കു് ഈയാണ്ടിൽതന്നെ തുടങ്ങണമെന്നു പല്ലും ഡവലപ്പുമെൻറു് കമ്മിറ്റിയും തിരുവിതാംകൂർ–കൊച്ചി കേന്ദ്ര ഡവലപ്പുമെൻറു കമ്മിറ്റിയും ശുപാർശ ചെയ്തിരുന്നോ; അതു ഈ ആണ്ടിൽ തുടങ്ങാതിരുന്നതു എന്തുകൊണ്ടു്;

(ഡി) പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ബ്ലാക്കിനോടു തൊട്ടുകിടക്കുന്ന ബ്ലാക്കിൽ പ്രവർത്തനം ആരംഭിക്കണമെന്ന പൊതു തത്വം അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടങ്ങേണ്ടിയിരുന്നതു കോയിപ്പുറം ബ്ലാക്കിനോടു് തൊട്ടുകിടക്കുന്ന മല്ലപ്പള്ളി ബ്ലാക്കിലല്ലേ?

ഉത്തരം.

(എ) ഇതുവരെ എൻ. ഈ. എസ്സ്. ബ്ലാക്കുകൾ തുടങ്ങുന്നതു് ഡിസ്ട്രിക്ടു് ഡെവലപ്പുമെൻറു് കമ്മിറ്റിയുടേയും, കേന്ദ്രകമ്മിറ്റിയുടേയും അഭിപ്രായം ആരാഞ്ഞതിൻെറ ശേഷമായിരുന്നില്ല. പക്ഷേ, രണ്ടാം പഞ്ചവത്സരപദ്ധതിപ്രകാരം തുടങ്ങുന്ന ബ്ലാക്കുകൾക്കു് മുൻഗണന കൊടുക്കേണ്ട കാര്യത്തിൽ ഡെവലപ്പുമെൻറു് കമ്മിറ്റിയുടെ അഭിപ്രായം അറിയുവാൻ ഡിസ്ട്രിക്ടു് കളക്ടർമാരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

(ബി) ഉദിക്കുന്നില്ല.

(സി) എ–യുടെ ഉത്തരം നോക്കുക.

(ഡി) ഉണ്ടു്. ആയിക്കൊള്ണമെന്നില്ല. ഇപ്പോൾ തുടങ്ങിയിട്ടുള്ളതും പ്രവർത്തനത്തിലിരിക്കുന്ന ബ്ലാക്കിനോടു് തൊട്ടുകിടക്കുന്ന സ്ഥലത്താണു്.

## † WRITTEN ANSWERS.

**[Questions posted for answer on 13-10-1955]**

മരച്ചീനി ക്രയവിക്രയ സഹകരണസംഘങ്ങൾ.

* 434. [3] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനി പദ്ധതിയനുസരിച്ചു് ഇതിനകം എത്ര മരച്ചീനി ക്രയവിക്രയ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങിയിട്ടുണ്ടു്;

† As the question hour on 13-10-1955 was suspended, the questions posted for answer on the day are shown here as Written Answers and Unstarred questions and answers.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാർ വളരെയധികം കാലതാമസം വരുത്തുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതേപ്പറ്റി അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പുതിയതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്യുന്നിലവിലിരുന്ന മൂന്നു സഹകരണസംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പടെ ഇപ്പോൾ 197 മരച്ചീനി സഹകരണസംഘങ്ങൾ പ്രവർത്തനത്തിലുണ്ട്.

(ബി) ഇല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

## ക്ഷയരോഗികളുടെ വർദ്ധനവ്.

* 435. [4] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് ക്ഷയരോഗികളുടെ എണ്ണം ഒന്നിനൊന്നു വർദ്ധിച്ചുവരുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വർദ്ധനവിനെ അടിസ്ഥാനപ്പെടുത്തി ഗവണ്മെൻറ് എന്തെല്ലാം കൂടുതൽ ചികിത്സാസൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) ഒന്നിനൊന്നു വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിനു് അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു്.

* 436. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം ദുരിതമനുഭവിക്കുന്ന കൃഷിക്കാർക്കു് അടിയന്തിരമായ ആശ്വാസം നൽകുന്നതിനുവേണ്ടി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല കടവായ്പകൾ അനുവദിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): കൃഷിക്കാർക്കു കൃഷിയിറക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ ഹ്രസ്വകാല കടവായ്പകൾ കുറഞ്ഞ പലിശനിരക്കിൽ സഹകരണസ്ഥാപനങ്ങൾ മുഖേന കൊടുക്കാൻ ഏർപ്പാടു് ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly